# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5412 | 31.10.2016 -ൽ മറുപടിയ്ക്ക് |
|---|---|

## വിധവ വിവാഹ പ്രോത്സാഹന പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം.എം.മണി | | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വിധവാ വിവാഹ പ്രോത്സാഹന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതിയുടെ പേര്, ഉദ്ദേശലക്ഷ്യ-ങ്ങൾ ഇവ സംബന്ധിച്ച വിശദാംശം നൽകാമോ; | ബി) | വിധവാ വിവാഹ പ്രോത്സാഹന പദ്ധതി 'മംഗല്യ ' എന്ന പേരിലാണ് അറിയപ്പെടുന്നത്. വിധവകളാകുന്ന സ്ത്രീകൾക്ക് കഴിവും പ്രാപ്തിയും സാമ്പത്തിക നിലയുമുള്ള അവസരത്തിൽ സംരക്ഷകർ ഉണ്ടായിരിക്കുകയും അവസാന നാളുകളിൽ അവരെ ആരും സംരക്ഷിക്കാനില്ല എന്ന അവസ്ഥ ഉടലെടുക്കുകയും ചെയ്യുന്ന അവസരത്തിൽ സ്ത്രീ ശാക്തീകരണവും പുനരധിവാസവും എന്ന ലക്ഷ്യത്തോട് കൂടി ആരംഭിച്ച പദ്ധതിയാണിത്. |
| (സി) | എത്ര രൂപയുടെ ധനസഹായമാണ് ഈ പദ്ധതിയിലൂടെ നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ; | സി) | 25,000/- രൂപയുടെ ധനസഹായം |
| (ഡി) | ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷ സമർപ്പി-ക്കേണ്ട വിധം ഇവ സംബന്ധിച്ച വിശദാംശം നൽകാമോ? | (ഡി) | ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ സംസ്ഥാനം അംഗീകരിച്ചിട്ടുള്ള ദാരിദ്ര രേഖയിൽ താഴെയുള്ളവരായിരിക്കണം . |

| | | | |
|---|---|---|---|
| | | | ii ഭർത്താവിന്റെ മരണം മൂലം വിധവ-യായവരും നിയമ പ്രകാരം വിവാഹബന്ധം വേർപെടുത്തിയതു നിമിത്തം വിധവയ്ക്ക് സമാനമായി തീർന്നിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട വനിതകളുമാണ് ഈ പദ്ധതിയുടെ പരിധി-യിൽപ്പെടുന്നത്.<br><br>iii. മേൽ വിഭാഗത്തിൽപ്പെട്ടവരിൽ 01.04.2007 ന് ശേഷം പുനർ വിവാഹം നടത്തിയിട്ടുള്ളവർ ഈ പദ്ധതിയുടെ ഗുണ-ഭോക്താക്കളായിരിക്കും.<br><br>iv. പുനർ വിവാഹം ബന്ധപ്പെട്ട വിവാഹ രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.<br><br>v. 18 നും 50 നും മദ്ധ്യേപ്രായമുള്ള വിധവ-കളുടെ പുനർ വിവാഹത്തിനാണ് ധന-സഹായം നൽകുന്നത്.<br><br>vi. അപേക്ഷകൾ താഴെപ്പറയുന്ന രേഖകൾ സഹിതം അപേക്ഷകർ താമസിക്കുന്ന ബ്ലോക്കിലെ ശിശു വികസന പദ്ധതി ഓഫീസർ മുഖേന ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ട-താണ്.<br><br>1.ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.<br>2.വിവാഹബന്ധം വേർപെടുത്തിയത് സംബന്ധിച്ച് കോടതി ഉത്തരവ് |

| | | | |
|---|---|---|---|
| | | | 3. സംസ്ഥാനം അംഗീകരിച്ച ബി.പി.എൽ ലിസ്റ്റിൽ അംഗമാണെന്നതിന് തെളിവ് .<br><br>4.അപേക്ഷകയുടെ ജനനത്തീയതി തെളിയിക്കുന്നതിനുള്ള മതിയായ രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ)<br><br>5.പുനർ വിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. |

സെക്ഷൻ ഓഫീസർ